പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3483 | 11.12.2018- ൽ മറുപടിയ്ക്ക്

## റബ്ബറിന് കേന്ദ്രസർക്കാർ നൽകുമെന്ന് പറഞ്ഞിരുന്ന പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന് കേന്ദ്രസർക്കാർ നൽകുമെന്ന് പറഞ്ഞിരുന്ന പാക്കേജ് അനുദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) റബ്ബറിനായി കേരളത്തിന് പ്രത്യേക പാക്കേജ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. |
| (ബി) റബ്ബർ വിലയിടിവിന് പ്രധാനപ്പെട്ട കാരണങ്ങൾ എന്തൊക്കെയാണ്;ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ; | (ബി) രാജ്യത്തെ റബ്ബറിന്റെ ഉയർന്ന ആവശ്യകത മൂലമുള്ള ഇറക്കുമതി, അന്താരാഷ്ട്ര തലത്തിലെ റബ്ബറിന്റെ വിലയിടിവ്, കുറഞ്ഞ ഇറക്കുമതി നികുതി എന്നിവയാണ് റബ്ബർ വിലയിടിവിനുള്ള പ്രധാന കാരണങ്ങൾ. സംസ്ഥാനത്തെ റബ്ബർ കർഷകരെ വിലയിടിവ് ഉൾപ്പെടെയുള്ള ദുരിതത്തിൽ നിന്നും രക്ഷിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കണം എന്നാവശ്യപ്പെട്ട് കേന്ദ്ര വാണിജ്യകാര്യ മന്ത്രിയെ നേരിൽ കണ്ട് സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പ്രശ്നപരിഹാരം നിർദ്ദേശിക്കുവാനു മായി "ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ" എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റബ്ബർ മേഖലയുടെ സംരക്ഷണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ഉണ്ടായി. സ്വാഭാവിക റബ്ബറിന് കേന്ദ്ര സഹായത്തോടെ റബ്ബർ പ്രൊഡക്ഷൻ ഇൻസൻറ്റീവ് പദ്ധതി നടപ്പാക്കുക, ഇറക്കുമതി നിയന്ത്രണം തുടരുക, റബ്ബറിനെ ഒരു കാർഷിക ഉൽപ്പന്നമായി പരിഗണിക്കുക, അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പുനഃക്രമീകരിക്കുക എന്നിവ ഉൾപ്പെടെ യുള്ളവയിൽ കർഷകർക്ക് പ്രയോജനപ്രദമായി |

| | | |
|---|---|---|
| | | തീരാവുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. റബ്ബർ വിലയിടിവ് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. സംസ്ഥാന ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയ്ക്ക് ആവശ്യമുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. പദ്ധതി പ്രകാരം സ്വാഭാവിക റബ്ബറിന്റെ താങ്ങുവിലയായ 150 രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന അതാതു ദിവസത്തെ വിൽപ്പന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ അപേക്ഷ പ്രകാരം നൽകി വരുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കി.ഗ്രാം.റബ്ബറിനാണ് ഇപ്രകാരം ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരാമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്കാണ് ആനുകൂല്യം ലഭിക്കുന്നത്. |
| (സി) | കേരളത്തിന് ഈ പ്രതിസന്ധി മറികടക്കുന്നതിന് എന്തെങ്കിലും പ്രത്യേകമായി ചെയ്യുവാൻ കഴിയുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (സി) റബ്ബർ ഒരു വ്യാവസായിക ഉൽപ്പന്നമാണ്. അതിന്റെ വില വ്യാവസായിക ആവശ്യകതയും കമ്പോളത്തിലെ ലഭ്യതയും, അന്താരാഷ്ട്ര വിലയേയും അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കപ്പെടുന്നത്. ആയതിനാൽ സംസ്ഥാനത്തിന് മാത്രമായി വില നിർണ്ണയിക്കാനാവില്ല. എന്നിരുന്നാലും കർഷകരെ വിലയിടിവിൽ നിന്നും സംരക്ഷിക്കുവാൻ സംസ്ഥാന സർക്കാർ പരമാവധി ശ്രമിക്കുന്നു. |
| (ഡി) | കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം നൽകുമോ? | (ഡി) റബ്ബർ വിലയിടിവ് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷം മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. സംസ്ഥാന ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയ്ക്ക് ആവശ്യമുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് നൽകുന്നത്. |

പദ്ധതി പ്രകാരം സ്വാഭാവിക റബ്ബറിന്റെ താങ്ങുവിലയായ 150 രൂപയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന അതാതു ദിവസത്തെ വിൽപ്പന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അവരുടെ അപേക്ഷ പ്രകാരം നൽകി വരുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കി.ഗ്രാം.റബ്ബറിനാണ് ഇപ്രകാരം ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിയ്ക്കാണ് ആനുകൂല്യം ലഭിക്കുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്ക് 50:50 എന്ന നിരക്കിൽ കേന്ദ്ര സർക്കാർ വിഹിതം നൽകണം എന്ന് കേന്ദ്രസർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ റബ്ബർ കർഷകരെ വിലയിടിവ് ഉൾപ്പെടെയുള്ള ദുരിതത്തിൽ നിന്നും രക്ഷിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കണം എന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാനും പ്രശ്നപരിഹാരം നിർദ്ദേശിക്കുവാനുമായി "ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടർ" എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി റബ്ബർ മേഖലയുടെ സംരക്ഷണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ഉണ്ടായി. കമ്മിറ്റി റിപ്പോർട്ട് കേന്ദ്രസർക്കാർ പരിഗണിച്ചു വരികയാണ്.

Smulatham

**സെക്ഷൻ ഓഫീസർ**